## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 266** **28.11.2018-ൽ മറുപടിക്ക്**

### കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
| കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് വേണ്ടി അനുവദിച്ച രണ്ട് കോടി രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പ്രവൃത്തികൾ | തുക (രൂപയിൽ) |
|---|---|---|
| 1 | എൻ.എം.സി.എച്ച്. ബ്ലോക്കിലെ എ, ബി, സി-യിലും റേഡിയോളജി വകുപ്പിലും രോഗികളുടെ കാത്തിരിപ്പ് സ്ഥലം, വാർഡുകളിൽ രോഗികൾക്ക് ടോയ് ലറ്റ്, എൻ.എം.സി.എച്ച്. വാർഡുകളിൽ രോഗികൾക്ക് ഡൈനിംഗ് യാർഡ് എന്നിവയുടെ നവീകരണം | 1,06,00,000/- |
| 2 | ഐ.എം.സി.എച്ച്-ലെ രോഗികൾക്ക് വസ്ത്രം ഉണക്കാനിടാനുള്ള സൗകര്യം ഒരുക്കുന്നതിന് | 10,00,000/- |
| 3 | ഐ.എം.സി.എച്ച്-ൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള കാത്തിരിപ്പ് സ്ഥലത്ത് ഇന്റർലോക്ക് ടൈലിംഗ് | 15,00,000/- |
| 4 | എസ്.ഡി.എസ്.എം. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പ് സ്ഥലത്തിന്റെ നിർമ്മാണം | 30,00,000/- |
| 5 | ഐ.എം.സി.എച്ച്.-ലെ ഡൈനിംഗ് ഹാളിന്റെ നവീകരണം | 8,00,000/- |
| 6 | രക്തബാങ്കിൽ രക്തദാതാക്കൾക്കായുള്ള കാത്തിരിപ്പ് സ്ഥലത്തിന്റെ നിർമ്മാണം | 5,00,000/- |

| | | |
|---|---|---|
| 7 | രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള കാമ്പസിലെ ഹോസ്പിറ്റലിനു ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000/- |
| 8 | കാമ്പസിൽ രോഗികൾക്കായി അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ | 5,00,000/- |
| 9 | ഐ.സി.ഡി.യിൽ രോഗികൾക്കായുള്ള ടോയ് ലറ്റിന്റെ നവീകരണം | 5,00,000/- |
| **ആകെ** | | **1,94,00,000/-** |

കൂടാതെ ഗൈനക്കോളജി വിഭാഗത്തിലേക്ക് ഡിജിറ്റൽ സൈനേജ് (Digital Signage) വാങ്ങുന്നതിനായി 72,988/- രൂപയും, കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് TV വാങ്ങുന്നതിന് 97,900/- രൂപയും, സന്ദർശകർക്കുള്ള ഇരിപ്പിടം (Perforated sheet visitors chair (60 എണ്ണം)) വാങ്ങുന്നതിനായി 4,26,069/- രൂപയും ചിലവഴിച്ചു. ആകെ 1,99,96,957/- രൂപ രോഗീ സൗഹൃദമാക്കുന്നതിലേക്കായി വിനിയോഗിച്ചു

**സെക്ഷൻ ഓഫീസർ**

V